22/11/21

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

**തിരുവനന്തപുരം 695 001**

Email: sic.ker@nic.in

**ഹർജി നമ്പർ CP.No.504(1)/2021/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.11486/SIC-Gen4/2021**

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത മുഖ്യവിവരാവകാശ കമ്മീഷണർ**

**തീയതി: 2021 നവംബർ 15**

ശ്രീ. അഷ്റഫ് സി.ടി.,
ചീരാൻതെടിക ഹൗസ്,
തെഞ്ചീരി, പൂവ്വത്തിങ്കൽ പി.ഒ.,
മലപ്പുറം – 673 639.
} പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സ്റ്റേഷൻ ഹൗസ് ഓഫീസർ,
ഹോസ്ദുർഗ്ഗ് പോലീസ് സ്റ്റേഷൻ,
ഹോസ്ദുർഗ്, കാസറഗോഡ്.
} എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 23/06/2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | 15/09/2021 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 22/09/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 06/10/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 29/10/2021 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 11/11/2021 വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം:പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | ഹാജരായി ഓഡിയോ<br>ഹാജരായി |

## ഉത്തരവ്

ശ്രീ. അഷ്റഫ് സി.ടി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ 23.06.2021 തീയതി സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് നാളിതുവരെയായിട്ടും യാതൊരുവിധ വിവരമോ രേഖയോ നൽകിയിട്ടില്ലെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങളും രേഖകളും സൗജന്യമായി നൽകാൻ ഉത്തരവുണ്ടാകണമെന്നുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, പെറ്റീഷൻ നമ്പർ: 41060/2021 ആയി എതിർകക്ഷി ഓഫീസിൽ സമർപ്പിച്ച പരാതിയിന്മേൽ സ്വീകരിച്ച ചുവടെ പറയുന്ന നടപടി വിവരങ്ങളാണ്:

i. മേൽപ്പടി പരാതിയിന്മേൽ എന്ത് നടപടിയാണ് എതിർകക്ഷി ഓഫീസിൽ നിന്നും ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്നും

ii. ഒരു തീരുമാനവും എടുത്തിട്ടില്ലെങ്കിൽ പ്രതിക്കെതിരെ തീരുമാനം എടുക്കാത്തത് എന്ത് കൊണ്ടെന്നും

iii. എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദ വിവരവും അറിയിക്കണമെന്നും മുഴുവൻ രേഖ പകർപ്പുകളുടെയും കോപ്പികൾ അനുവദിക്കണമെന്നുമാണ്.

3. എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹോസ്ദുർഗ് പോലീസ് സ്റ്റേഷനിലെ രേഖകൾ പരിശോധിച്ചതിൽ നിന്നും ശ്രീ. അഷ്റഫ് സി.ടി. എന്നയാൾ 23.6.2021 തീയതി എതിർകക്ഷി ഓഫീസിലെ എസ്.പി.ഐ.ഒ. മുമ്പാകെ വിവരാവകാശ അപേക്ഷ നൽകിയിട്ടില്ല എന്നാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ 23.6.21-ന് നൽകിയ വിവരാവകാശ അപേക്ഷ എതിർകക്ഷി ഓഫീസിൽ ലഭിച്ചിട്ടില്ല എന്ന് കാണുന്നു. മാത്രമല്ല ടി അപേക്ഷ എതിർകക്ഷി ഓഫീസിൽ ലഭിച്ചിരുന്നു എന്നതിന് തെളിവായി കൈപ്പറ്റ് രസീത് പോലുള്ള യാതൊരു രേഖകളും ഹർജിക്കാരൻ കമ്മീഷനിൽ ഹാജരാക്കിയിട്ടുമില്ല. ആയതിനാൽ ടി അപേക്ഷയുടെ പകർപ്പ് ഒരിക്കൽ കൂടി ഹർജിക്കാരൻ എതിർകക്ഷി ഓഫീസിൽ സമർപ്പിക്കേണ്ടതും ആയതിനുള്ള മറുപടി സമയബന്ധിതമായും സൗജന്യമായും എതിർകക്ഷി നൽകേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2021 നവംബർ 15-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

us